പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4437 27.06.2013 ൽ മറുപടിക്ക്

## പുതിയ മാവേലി സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. റ്റി.എൻ.പ്രതാപൻ:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
| (എ) പുതിയ മാവേലി സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും ആരംഭിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ലഭിയ്ക്കുന്ന അപേക്ഷ ബന്ധപ്പെട്ട റീജിയണൽ മാനേജർക്ക് സാദ്ധ്യതാ പഠന റിപ്പോർട്ടിനായി അയച്ച് കൊടുക്കുകയും ലഭിക്കുന്ന സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള സർക്കാർ നിബന്ധനകൾ അംഗീകരിക്കുന്ന മുറയ്ക്കും ജീവനക്കാരുടെ ലഭ്യത അനുസരിച്ചും സപ്ലൈകോ വിൽപ്പന ശാലകൾ ഇല്ലാത്ത പഞ്ചായത്തുകൾക്ക് മുൻഗണ നൽകിയും പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ച് വരികയാണ്.<br>പ്രതിമാസം 25 ലക്ഷത്തിൽ പരം വിറ്റ് വരവുള്ളതായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകൾ ആക്കുന്നതിനായുള്ള പട്ടിക തയ്യാറാക്കുന്നതിനായി വിവിധ റീജിയണൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) വൻകിട സ്വകാര്യ കമ്പനികൾ ആരംഭിച്ചിട്ടുള്ള ചില്ലറ വിൽപ്പന കേന്ദ്രങ്ങളിൽ ലഭ്യമാകുന്ന സൗകര്യങ്ങളും സേവനങ്ങളും സാധാരണക്കാരായ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയാണ് പീപ്പിൾസ് ബസാറുകൾക്കൊണ്ട് ഉദ്ദേശിക്കുന്നത്. സാധാരണ ജനങ്ങൾക്കും ന്യായവിലയിൽ ഗുണമേന്മയുള്ള സാധനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതുകൊണ്ട് |

| | | | |
|---|---|---|---|
| | | | ലക്ഷ്യമിടുന്നത്. ആത്യന്തികമായി വില നിലവാരം നിയന്ത്രിക്കുകയാണ് ഇത്തരം സ്ഥാപനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (സി) | എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | മാവേലി സ്റ്റോറുകൾ പീപ്പിൾസ് ബസാറുകൾ എന്നിവ തുടങ്ങുന്നതിന് കേന്ദ്ര സഹായം ഒന്നും ലഭിക്കുന്നില്ല. |
| (ഡി) | ഇവ ആരംഭിക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 49 പുതിയ മാവേലി സ്റ്റോറുകളും 4 പീപ്പിൾസ് ബസാറുകളും ആരംഭിച്ച് കഴിഞ്ഞു. ശേഷിക്കുന്ന അപേക്ഷകളിൽ നടപടി സ്വീകരിച്ച് വരുന്നു. |

Beena

സെക്ഷൻ ഓഫീസർ